(ബി) വേതനം ലഭിക്കാനുള്ള കാലതാമസത്തിന് കാരണമെന്തെന്ന് വ്യക്തമാക്കാമോ ;

(സി) ടി ആളുടെ വേതനം അടിയന്തരമായി ലഭ്യമാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി&സി) ഗസ്റ്റ് അദ്ധ്യാപകർക്ക് വേതനം ലഭ്യമാക്കുന്നതിന് പേയർ സെക്കന്ററി ഡയറക്ടർ സമർപ്പിച്ച പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചു വരുന്നു. ഇക്കാര്യത്തിൽ തീരുമാനമായതിനുശേഷം വേതനം അടിയന്തരമായി ലഭ്യമാക്കുന്നതിനാവശ്യമായ നിർദ്ദേശം പേയർ സെക്കന്ററി ഡയറക്ടർക്ക് നൽകാൻ സാധിക്കുന്നതാണ്.

പെൻഷനും മറ്റ് സർവ്വീസ് ആനുകൂല്യങ്ങളും ലഭിക്കുന്നതിനുവേണ്ടി ശ്രീമതി പി. കെ. അമ്മിണി സമർപ്പിച്ച അപേക്ഷ

54 (7019) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൃശ്ശൂർ ജില്ലയിലെ വെള്ളിക്കുളങ്ങര ജൂനിയർ ബേസിക് സ്കൂളിൽ ഹെഡ്മാസ്റ്ററായി ജോലി ചെയ്തുകൊണ്ടിരിക്കെ 2-9-1978-ൽ കാണാതാവുകയും ഇന്നുവരെ കണ്ടെത്താൻ കഴിയാത്തതുമായ ശ്രീ. റ്റി. എ. ആൻഡ്രൂസ്, താഴത്തുവീട്ടിൽ, പോരാന്ന, പി.ഒ., കൊടകരയുടെ പെൻഷനും മറ്റ് സർവ്വീസ് ആനുകൂല്യങ്ങളും ലഭിക്കുന്നതിനുവേണ്ടി ടിയാന്റെ ഭാര്യ ശ്രീമതി പി. കെ. അമ്മിണി സമർപ്പിച്ചിട്ടുള്ള അപേക്ഷ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത അപേക്ഷയിൽ എന്തു നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(സി) പ്രസ്തുത അപേക്ഷ പരിഗണിച്ച് ആനുകൂല്യങ്ങൾ അനുവദിച്ചു നൽകുവാൻ അടിയന്തര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പ്രസ്തുത അപേക്ഷ വിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെ പരിഗണനയോടെ ധനകാര്യ വകുപ്പിന്റെ അഭിപ്രായപ്രകാരം 2-12-1987-ലെ G.O(p) 1078/87/ധന/ ഉത്തരവുപ്രകാരമുള്ള indeminity Bond, Form 6-ലുള്ള അപേക്ഷ, അപേക്ഷകയുടെ ഡിസ്ക്രിപ്റ്റീവ് റോൾ എന്നിവ ലഭ്യമാക്കുവാൻ പാവക്കുടി ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറോട് ആവശ്യപ്പെട്ടിരിക്കുകയാണ്.

(സി) അപേക്ഷ പരിശോധിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly